1B3N22076 (Pages : 3) Reg. No:......................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA/B.Sc Degree Examination, November 2022**

**BML3A09 – Malayala Sahithyam – 3**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

**Section A**

**I. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം**

1. 'ഓരോരുത്തനും ഓരോ പ്രപഞ്ചം .ഓരോരുത്തനും അതിന്റെ വിധി കർത്താവ് .ചക്രവർത്തി .അന്ധനായ കൗരവ പിതാവിനെപ്പോലെ"– ആരുടെ വാക്കുകൾ . ഈ പ്രസ്താവനയിലെ സൂചനയെന്ത്?
2. തനതു നാടക വേദി എന്നാലെന്ത്?
3. കുളത്തിന്റെ ആകൃതിയെക്കുറിച്ച് ചുറ്റുമുള്ളവർ പല നിർദേശങ്ങൾ വച്ചപ്പോൾ പെരുന്തച്ചൻ ചെയ്തതെന്ത്?
4. ലൂമിയർ സഹോദരന്മാരുടെ ക്യാമറയിൽ ആദ്യം പതിഞ്ഞ ചിത്രങ്ങൾ എന്തായിരുന്നു, അത് ആദ്യമായി പ്രദർശിപ്പിച്ചത് എവിടെ?
5. "കല്ല് ദേവിയായിക്കഴിഞ്ഞു, അപ്പോൾ ആശാരി തീണ്ടാപാടകലെ"– ആരുടെ വാക്കുകൾ. ഈ പ്രസ്താവനയിലെ സൂചന എന്ത്?
6. കോളേജിലെ പെൺകുട്ടികളിൽനിന്ന് റോസി തോമസ് കേട്ടറിഞ്ഞ ഞെട്ടിപ്പിക്കുന്ന വാർത്ത എന്തായിരുന്നു?
7. ജീവചരിത്രവും ആത്മകഥയും തമ്മിലുള്ള വ്യത്യാസമെന്ത്?
8. നമ്പൂതിരി സമുദായത്തിന്റെ നവോത്ഥാനത്തിന് കാരണമായ ഒരു ആത്മകഥയെ പരിചയപ്പെടുത്തുക.
9. എസ്.കെ. പൊറ്റെക്കാടിന്റെ ഏതെങ്കിലും രണ്ട് യാത്രാ വിവരണ കൃതികളുടെ പേരെഴുതുക ?

10. ഹിമവാന്റെ മുകൾത്തട്ടിൽ എന്ന കൃതിയിൽ ഏതെല്ലാം നാട്ടുകളിലേക്കുള്ള യാത്രയുടെ വിവരണങ്ങളാണുള്ളത്?

11. പുലിജന്മം എന്ന നാടകം രചിച്ചതാര്, ആ നാടകത്തിലെ പ്രമേയം ഒറ്റ വാക്യത്തിൽ എഴുതുക?

12. ഭരതവാക്യം നാടകത്തിലെ പ്രധാനപ്പെട്ട മൂന്ന് കഥാപാത്രങ്ങൾ ആരെല്ലാം?

13. ഈച്ചരവാര്യർ മകൻ രാജനെ അവസാനമായി കണ്ടതെപ്പോൾ, എവിടെ വച്ച്?

14. അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത നാല് സിനിമകളുടെ പേരെഴുതുക.

15. പഞ്ചകേദാരങ്ങളിലൊന്നായ തുംഗ നാഥിനെക്കുറിച്ച് രാജൻ കാക്കനാടൻ നല്കുന്ന വിവരണങ്ങളെന്തെല്ലാം?

(15 x 2 = 30 , പരമാവധി മാർക്ക് 25)

## Section B

**II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.**

16. ഈ ദുരന്തനാടകത്തിന്റെ യവനിക താഴുമ്പോൾ ജീവിതത്തിന്റെ അതിപ്രധാനമായ ഒരു താളവട്ടം തിമിർത്താടിക്കഴിഞ്ഞ് അവൾ ഇരുളിലൂടെ ഭാവിയിലേക്ക് ഇഴഞ്ഞുനീങ്ങുകയായിരുന്നു – സന്ദർഭമെന്ത്, എന്തായിരുന്നു ആ ദുരന്തനാടകം?

17. 'എന്താണ് നാടകം?' എന്ന പ്രശ്നത്തിന് വയലാ വാസുദേവപിള്ള അവതരിപ്പിക്കുന്ന നിരീക്ഷണങ്ങളെന്തെല്ലാം?

18. മലയാളത്തിലെ ആത്മകഥാ രചനകളിലെ സമകാലിക പ്രവണതകളെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

19. അടൂർ ഗോപാലകൃഷ്ണന്റെ വീക്ഷണത്തിൽ ചലചിത്രത്തിന്റെ ഭാഷഎന്ത്? ഉദാഹരണ സഹിതം വിശദമാക്കുക.

20. കാണാതായ മകനെച്ചൊല്ലിയുള്ള പിതാവിന്റെ ആശങ്കകൾ,'കരുതിവെച്ച ഒരിലച്ചോറ്' എന്ന ഓർമക്കുറിപ്പിൽ ആവിഷ്കരിക്കുന്നതെങ്ങനെ?

21. തനതുനാടകവേദിയിൽ കേരളത്തിലുണ്ടായ ആദ്യകാലശ്രമങ്ങളെ പരിചയപ്പെടുത്തുക.

തിരക്കഥ രചനയുടെ അടിസ്ഥാന തത്വങ്ങൾ വിശദമാക്കുക?

ധർമശാലയ്ക്ക് കാലി കമ്പിളി ബാബയുടെ പേര് വരാനുണ്ടായ കാരണമെന്ത്?

(8 x 5 = 40, പരമാവധി മാർക്ക് 35)

## Section C

**III ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

പെരുന്തച്ചൻ എന്ന വ്യക്തിയുടെ മാനസിക സംഘർഷങ്ങളെ ശക്തമായി ആവിഷ്കരിക്കുവാൻ എം ടി വാസുദേവൻ നായർ തിരക്കഥയുടെ വളർച്ചയിൽ സ്വീകരിക്കുന്ന രചനാപരമായ സവിശേഷതകളെന്തെല്ലാം?

ഹിമവാന്റെ മുകൾത്തട്ടിൽ എന്ന കൃതി കേവലം യാത്രാവിവരണം എന്നതിൽനിന്ന് പ്രകൃതി ദൃശ്യങ്ങളുടെയും ജൈവാനുഭവങ്ങളുടെയും സുന്ദരമായ ചിത്രീകരണമായി മാറുന്നതെങ്ങനെ എന്ന് ഉദാഹരണങ്ങൾ നിരത്തി സമർഥിക്കുക.

അരങ്ങ്, കഥാപാത്രങ്ങൾ, പ്രമേയം, അവതരണം എന്നിവയുടെ തലത്തിൽ മലയാള നാടകചരിത്രത്തിൽ 'ഭരതവാക്യം' പ്രദർശിപ്പിച്ച പുതുമകളെ സംബന്ധിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

7. ബാല്യകാലത്തെ ജീവിതപരിസരങ്ങളെയും അനുഭവങ്ങളെയും 'വിരലറ്റം' എന്ന ആത്മകഥയിൽ മുഹമ്മദലി ശിഹാബ് വിവരിക്കുന്നതെങ്ങനെ?

(2 x 10 = 20 മാർക്ക്)

1B3N22077

(Pages : 3)

Reg. No:.......................

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Degree Examination, November 2022**

**BML3B03 – Naveena Malayala Kavitha**

(2019 Admission onwards)

Time: 2 ½ hours

Max. Marks : 80

**SECTION - A**

**I ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1. "തട്ടിൻപുറം വിട്ടിറങ്ങാം നമുക്കിനി, തീറ്റയ്ക്കു വല്ലതും തേടേണ്ടയോ"? ആര്പറയുന്നു ? സന്ദർഭമെന്ത്?
2. "മഴക്കാറിന്റെ നിറം ഒന്നിന്റെയും അടിവയറ്റിലില്ലേ?" എന്താണ്കവി അന്വേഷിക്കുന്നത് ?
3. ചളിക്കുണ്ടിൽ കിടക്കുന്ന പോത്തിനെ കവി വർണ്ണിക്കുന്നതെങ്ങനെയെല്ലാം?
4. "ഈ കുട്ടികളുടെ പുത്തൻ പാട്ടിൽ തീയുണ്ട്, പക്ഷേ സഞ്ജയാ, കുട്ടികളോട്പോലും എനിക്കെന്തോ പേടി തോന്നുന്നു" വരികളിലെ ആശയ സൂചനകൾ എന്തെല്ലാം ?
5. "വീട് എവിടെയെന്നാരേലും ചോദിച്ചാൽ ഞാൻ തെറ്റിച്ചു പറയും" കാരണമെന്ത്?
6. എൻ. വി. കൃഷ്ണവാര്യരുടെ നാല് കൃതികളുടെ പേരെഴുതുക
7. 'ആനമയിലൊട്ടക'ത്തിലെ മയിൽ എന്തിന്റെയൊക്കെ പ്രതിനിധിയായാണെത്തുന്നത് ?
8. കുട്ടികൾ ഓടിക്കളിക്കുന്ന മൈതാനത്ത് പ്രതിമകൾ നോക്കുകുത്തികളായിരിക്കുന്നത് എന്തു കൊണ്ടാണെന്നാണ് കവി പറയുന്നത് ?
9. "എന്നെക്കൊണ്ട്ചിലതിനുകൊള്ളും എന്ന് ചിലരെങ്കിലും മനസ്സിലാക്കുകയാണ്" കാരണമെന്ത്?
10. "വാക്കുകളുടെ കനം സഹിച്ച്ചുണ്ടുകൾ തളർന്നു കഴിഞ്ഞിരുന്നു" എന്ന് കവി പറയാൻ കാരണമെന്ത്?

11. "പന്തു പോലൊന്ന്കിട്ടിയാൽ" എന്തു ചെയ്യണമെന്നാണ് കവി ആവശ്യപ്പെടുന്നത്?

12. എന്തൊക്കെ ചേർത്താണ് കവിയും കൂട്ടരും 'കൊട്ട' കെട്ടുന്നത്?

13. "ഇന്നത്തെ അത്താഴം ഇതുകൊണ്ടാവാം" ,സൂചന എന്ത്?

14. പെണ്ണുങ്ങൾ കാലുവയ്ക്കാത്ത പാതിരാക്കുന്നിൽ രാത്രിയിൽ എന്തെല്ലാം ഉണ്ടായിരിക്കാമെന്നാണ് കവയിത്രി സംശയിക്കുന്നത്?

15. "നാളെ സൂര്യനുദിക്കുമ്പോൾ ഇവൾക്കും പകലെത്തുമോ", ആർക്ക്? എന്തുകൊണ്ട് ?

[15 x 2=30) **പരമാവധിമാർക്ക് 25)]**

**SECTION - B**

**II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക**

16. അമ്മ മനസ്സിന്റെ വിങ്ങലുകളെ എപ്രകാരമാണ് പെൺകുഞ്ഞിൽ കവയിത്രി ആവിഷ്കരിച്ചിരിക്കുന്നത് ?

17. 'ദുഃഖത്തെ എയ്തുവീഴ്ത്താൻ ആവുന്നില്ലെങ്കിൽ', ബുദ്ധൻ സ്വയം അമ്പെയ്ത്ലോകത്തെ രക്ഷിക്കട്ടെ എന്ന്കവി പറയുന്നതിന്റെ പൊരുൾ വിശദീകരിക്കുക

18. 'ആദ്യത്തെ അഞ്ചു രൂപയുടെ നഷ്ടം മാത്രം ഒരിക്കലും നികലുന്നതായി തോന്നുന്നില്ല', കവി ഉദ്ദേശിക്കുന്ന നഷ്ടങ്ങളും കാരണങ്ങളും എന്തൊക്കെയായിരിക്കാം ?

19. 'ബംഗാൾ' എന്ന കവിതയിൽ ഇതിഹാസകഥാപാത്രമായ ധൃതരാഷ്ട്രർക്ക് കൈവരുന്ന അധിക്രമാനങ്ങൾ എന്തെല്ലാം?

20. കാട് നഷ്ടപ്പെട്ടപ്പോൾ നാടിനു വന്നു ചേർന്ന വിപത്തുകൾ അയ്യപ്പപ്പണിക്കർ അടയാളപ്പെടുത്തുന്നത് എങ്ങനെയെല്ലാം?

21. 'പന്തു കായ്ക്കും കുന്നി'ലൂടെ വെളിവാകുന്ന പാരിസ്ഥിതിക ആശയങ്ങളെന്തെല്ലാം ?

22. 'കവി പ്രേയസി' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക

23. 'കണ്ടതും കാണാത്തതുമറിയാതെ തൃപ്തനായി കിടക്കുന്ന പോത്തിലൂടെ കവി അവതരിപ്പിക്കുന്ന വിമർശനങ്ങളെന്തെല്ലാം?

[(8x5=40) **പരമാവധിമാർക്ക് 35)]**

SECTION - C

ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരം തയ്യാറാക്കുക

സംക്രമണം, മൃഗശിക്ഷകൻ എന്നീ കവിതകൾ മുന്നോട്ടു വെക്കുന്ന സ്ത്രീപക്ഷ ചിന്തകളെ താരതമ്യം ചെയ്യുക.

ആധുനികതയിൽ നിന്ന് ആധുനികോത്തരതയിലേക്കെത്തുമ്പോൾ മലയാള കവിതയ്ക്കു സംഭവിച്ച മാറ്റങ്ങളെന്തെല്ലാം?

ബംഗാൾ, പനി എന്നീ കവിതകൾ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം ചർച്ച ചെയ്യുക

മനുഷ്യജീവിതത്തിന്റെ ഭിന്നഘട്ടങ്ങൾ' ആനമയിലൊട്ടക'ത്തിൽ ആവിഷ്കരിച്ചിരിക്കുന്നതിലെ സൗന്ദര്യ തലത്തെക്കുറിച്ചു വിശദീകരിക്കുക.

(2x10=20 മാർക്ക്)

34

1B3N22078

(Pages :2)

Reg. No:.........................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Degree Examination, November 2022**

BML3B04 - ദൃശ്യകലാസാഹിത്യം

(2019 Admission onwards)

Time: 2.5 hours

Max. Marks : 80

**Section A**

**I. ഒന്നോരണ്ടോവാക്കിൽഉത്തരമെഴുതുക.**

1. നാട്യധർമ്മി എന്നാൽ എന്ത്?
2. കുട്ടികളുടെ നാടക വേദി എന്നാൽ എന്ത്?
3 പ്രൊഫഷണൽ നാടക വേദിയുടെ 3 സവിശേഷതകൾ എഴുതുക.
4. ആട്ടക്കഥ എന്നാൽ എന്ത്?
5. ദണ്ഡകത്തിന്റെ വിശേഷത എന്ത്?
6. മലയാളത്തിലെ ആദ്യശബ്ദ ചലച്ചിത്രം ഏത്? സംവിധായകൻ ആര്?
7. രാമനാട്ടത്തിന്റെ ഉപജ്ഞാതാവ് ആര് ? കഥാ സന്ദർഭം ഏത്?
8. മലയാള സിനിമയുടെ പിതാവ് ആര്? സംവിധാനം ചെയ്ത ചലച്ചിത്രം ഏത്?
9. കാവാലം നാരായണപ്പണിക്കർ രചിച്ച നാലു നാടകങ്ങളുടെ പേര്എഴുതുക.
10 കഥകളിക്ക് ഉപയോഗിക്കുന്ന വാദ്യങ്ങൾ ഏവ?
11. സർവ്വലക്ഷണസമ്പന്നമായ ഒരു സംസ്കൃത നാടകത്തിനു തുല്യമെന്നും മലയാള ശാകുന്തളം' എന്നും പണ്ഡിതർ വാഴ്ത്തുന്ന കൃതി ഏത്? രചയിതാവ് ആര്?
12 കാക്കാരിശ്ശിനാടകം എന്നാൽ എന്ത്?
13 പി.എം. താജ്രചിച്ച നാലു നാടകങ്ങളുടെ പേര്എഴുതുക.
14. നളചരിതം രണ്ടാം ദിവസത്തിന്റെ സുപ്രധാന കഥാ സന്ദർഭങ്ങൾ ഏത്?
15 മികച്ച ചലച്ചിത്രത്തിനുള്ള 2010ലെ ദേശീയചലച്ചിത്രപുരസ്കാരം നേടിയ മലയാള ചലച്ചിത്രം ഏത്? സംവിധായകൻ ആര്?

**(2 X 15 = 30 പരമാവധി മാർക്ക്25)**

## Section B

**II.ഒരുഖണ്ഡികയിൽകവിയാതെഉത്തരംഎഴുതുക.**

16. ദശരൂപങ്ങളെ പരിചയപ്പെടുത്തുക.

17. "ആരുമില്ലേ എന്റെ പരാതി കേൾക്കാൻ? ആരോട് ഞാനെന്റെ താപമറിയിക്കും?" ആര് ആരോട് പറയുന്ന വാക്കുകൾ? സൂചിത സന്ദർഭം ഏത്?

18. "അല്ല, ഇതെന്താ കേശഭാരോ? താത്രിക്കിപ്പോ ആശാരിപ്പണീം ണ്ടോ?"
ആര് ആരോട് പറയുന്ന വാക്കുകൾ ? സന്ദർഭം വിശദമാക്കുക.

19 ."ലീലേ, നീയെന്നാൽ ഈ ചേട്ടനും കൂടെ ഒരു കൊടി കൊണ്ടുതാ.
എനിക്കും എന്തെങ്കിലും ഒരു ജോലി കിട്ടിക്കോട്ടെ."
ആരുടെ വാക്കുകൾ? സൂചിതം എന്ത്?

20. കോട്ടം വിട്ട നാല്കോട്ടയത്ത്കഥകളെക്കുറിച്ച് ഒരു കുറിപ്പ്തയ്യാറാക്കുക.

21. 'പാഥസാം നിചയം വാർന്നൊഴിഞ്ഞളവു
സേതുബന്ധനോദ്യോഗമെന്തെടോ?'
സന്ദർഭവും ആശയവും വിശദമാക്കുക.

22. "ആദാമിന്റെ മകൻ അബു" എന്ന തിരക്കഥയിലെ 'അബു' എന്ന കഥാപാത്രത്തിന്റെ സ്വഭാവം നിരൂപണം ചെയ്യുക.

23. സിനിമ ഒരു സങ്കരകലയാണെന്ന അഭിപ്രായത്തെ വിലയിരുത്തുക.

**(5X 8 =40 പരമാവധി മാർക്ക്35)**

## Section C

**III ഏതെങ്കിലും രണ്ട്ചോദ്യങ്ങൾ രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. മലയാള നാടകവേദിയുടെ ചരിത്രം വിവരിക്കുക.

25. തനത്നാടകവേദി എന്ന സങ്കൽപ്പത്തെ "അവനവൻ കടമ്പ" എന്ന നാടകത്തിലെ പരീക്ഷണങ്ങൾ മുൻനിർത്തി വിശദീകരിക്കുക.

26. നാളെചരിതം ആട്ടക്കഥയുടെ സവിശേഷതകളെക്കുറിച്ച് ഉപന്യസിക്കുക.

27 ."ആദാമിന്റെ മകൻ അബു" ഒരു മികച്ച തിരക്കഥയായി മാറുന്നത് എങ്ങനെ എന്ന് ഉദാഹരണ സഹിതം വിവരിക്കുക.

**(2X10 = 20 മാർക്ക്)**

33

1B3N22079 (Pages : 1) Reg. No:.............................

Name: .............................

FARROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Degree Examination, November 2022**

**BML3C03 – Keralapadanam – Adhinivesakala Keralam**

(2019 Admission onwards)

Time: 1½ hours Max. Marks : 40

**I. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക**

1. ഉദയം പേരൂർ സുനഹദോസിന്റെ ലക്ഷ്യം എന്തായിരുന്നു?
2. ചാന്നാർ ലഹള എന്നാൽ എന്ത്?
3. അറബി മലയാളം എന്നാൽ എന്ത്?
4. ഹെർമൻ ഗുഡർട്ട് ആരായിരുന്നു
5. ഹോർത്തുക്കസ് മലബാറിക്കസ് എന്ന് അറിയപ്പെടുന്നതെന്ത് ?
6. മുഹ്യുദ്ദീൻമാല എന്നാൽ എന്ത്?

(6 x 2 = 12 പരമാവധി 10 മാർക്ക്)

**II. താഴെപ്പറയുന്നവയെക്കുറിച്ച് ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.**

7. കഥകളി
8. തുഹ്ഫത്തുൽ മുജാഹിദ്ദീൻ
9. ചവിട്ടുനാടകം
10. കുഞ്ഞാലിമരക്കാർ
11. കൂനൻ കുരിശുകലാപം
12. തുള്ളൽ പ്രസ്ഥാനം

(6 x 4 = 24 പരമാവധി 20 മാർക്ക്)

**III. ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ട് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

13. പോർട്ടുഗീസ് ആധിപത്യം തകരുവാനുണ്ടായ കാരണങ്ങളെ പറ്റി വിശദീകരിക്കുക.
14. കേരളത്തിലെ ഭക്തിപ്രസ്ഥാനത്തിന്റെ ആവിർഭാവം വികാസം എന്നിവയെപ്പറ്റി വിശദീകരിക്കുക.

(1 x 10 = 10 മാർക്ക്)